LIBRARY ARCHIVES Kerala Legislative Assembly

മണലൂരിൽ ത്രിവേണി സൂപ്പർ മാർക്കറ്റ്

37 (1000) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പഞ്ചായത്തുകളിലും ത്രിവേണി സ്റ്റോറുകൾ തുടങ്ങുന്നതിന് കൺസ്യൂമർഫെഡിന് പദ്ധതിയുണ്ടോ ;

(ബി) തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിലെ കണ്ടശ്ശാംകടവിലോ കാഞ്ഞാണിയിലോ ത്രിവേണി സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ പഞ്ചായത്തുകളിലും ത്രിവേണി സ്റ്റോറുകൾ തുടങ്ങുന്നതിന് കൺസ്യൂമർ ഫെഡിന് പദ്ധതിയില്ല.

(ബി) തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിലെ കണ്ടശ്ശാംകടവിലോ കാഞ്ഞാണിയിലോ ത്രിവേണി സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന് അനുയോജ്യമായ കെട്ടിടം ലഭ്യമായാൽ വ്യാപാര സാദ്ധ്യത കൂടി പരിശോധിച്ച് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

ത്രിവേണി ഡിപ്പാർട്ടുമെന്റ് സ്റ്റോറുകളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

38 (1001) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിവേണി ഡിപ്പാർട്ടുമെന്റ് സ്റ്റോറുകളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഇത് സംബന്ധിച്ച് സുപ്രീം കോടതിയിൽ നടക്കുന്ന കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കൺസ്യൂമർ ഫെഡറേഷനിൽ മസ്ദൂർ, ഹെൽപ്പർ, ഗോഡൗൺ അസിസ്റ്റന്റ്, ഗോഡൗൺ കീപ്പർ തുടങ്ങിയ തസ്തികകളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 523 പേർക്ക് സെയിൽസ് മാൻ/ഡാറ്റാ എൻട്രി, ഹെൽപ്പർ തസ്തികയിൽ കൺസ്യൂമർ ഫെഡ് സ്ഥിരീകരണം നൽകിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെതിരെ സുപ്രീം കോടതിയിൽ നിലവിലുണ്ടായിരുന്ന കേസ് തീർപ്പായിട്ടുണ്ട്.

പെരുമ്പടപ്പിൽ ത്രിവേണി സ്റ്റോർ

39 (1002) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പള്ളുരുത്തി-പെരുമ്പടപ്പിൽ ത്രിവേണി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ?